ഖുത്ബ
**12.11.2004**
ബയ്ത്തുൽ ഫുത്തൂഹ്,
ലണ്ടൻ.

بسم الله الرحمن الرحيم

# ജുമുഅത്തുൽ വിദായ്ക്ക് മറ്റു ജുമുഅകളുടെ മേൽ മേന്മയൊന്നുമില്ല.

يَا أَيُّهَا الَّذِينَ آمَنُوا إِذَا نُودِيَ لِلصَّلَاةِ مِن يَوْمِ
الْجُمُعَةِ فَاسْعَوْا إِلَىٰ ذِكْرِ اللَّهِ وَذَرُوا الْبَيْعَ ذَٰلِكُمْ
خَيْرٌ لَّكُمْ إِن كُنتُمْ تَعْلَمُونَ ۝
فَإِذَا قُضِيَتِ الصَّلَاةُ فَانتَشِرُوا فِي الْأَرْضِ
وَابْتَغُوا مِن فَضْلِ اللَّهِ وَاذْكُرُوا اللَّهَ كَثِيرًا
لَّعَلَّكُمْ تُفْلِحُونَ ۝

ഇതിന്റെ അർത്ഥം:- വിശ്വസിച്ചവരേ! വെള്ളിയാഴ്ച ദിവസം നമസ്കാരത്തിനായി വിളിക്കപ്പെട്ടാൽ അല്ലാഹുവിനെ സ്മരിക്കുന്നതിലേക്ക് നിങ്ങൾ ധിറുതിപ്പെട്ടുപോവുകയും വ്യാപാരം നിറുത്തിവയ്ക്കുകയും ചെയ്യുക. നിങ്ങൾ മനസ്സിലാക്കുന്നെങ്കിൽ അത് നിങ്ങൾക്ക് ഗുണകരമാണ്. പിന്നെ നമസ്കാരം നിർവഹിച്ചുകഴിഞ്ഞാൽ നിങ്ങൾ ഭൂമിയിൽ വ്യാപരിക്കുകയും അല്ലാഹുവിന്റെ അനുഗ്രഹത്തിൽനിന്ന് അന്വേഷിക്കുകയും ചെയ്തുകൊള്ളുക. നിങ്ങൾ വിജയം പ്രാപിക്കുന്നതിനായി അല്ലാഹുവിനെ അധികമായി സ്മരിക്കുക. (62:10,11)

റമസാനിലെ അവസാനത്തെ ജുമുഅയാണ് ഇന്ന്. നാളെ ഇൻശാഅല്ലാഹ് അവസാനത്തെ നോമ്പുമാണ്. ഇന്നത്തെ നോമ്പ് പകുതിയിലധികം കഴിയുകയും ചെയ്തു. ഒരു നോമ്പ് മാത്രം അവശേഷിച്ചിരിക്കുന്നു. *അയ്യാമൻ മഅ്ദൂദാത്* എന്ന് അല്ലാഹു പറഞ്ഞതുപോലെ എണ്ണപ്പെട്ട ചില ദിനങ്ങളായിരുന്നു. അതു കഴിഞ്ഞുപോയി. നാമറിഞ്ഞതുപോലുമില്ല അത് അവസാനിച്ചത്. അൽഹംദുലില്ലാഹ്. പൊതുവെ റമസാൻ മാസത്തിലെ ഈ അവസാനത്തെ ജുമുഅയിൽ ഹാജർ നില സാധാരണ ദിവസത്തെ അപേക്ഷിച്ച് വളരെയധികം ഉയരുന്നു. പക്ഷേ, കഴിഞ്ഞവർഷവും ഞാൻ പറഞ്ഞിരുന്നതുപോലെ, അല്ലാഹു ഇച്ഛിക്കുന്നതുവരെ പറഞ്ഞുകൊണ്ടിരിക്കുകയും ചെയ്യും, ജുമുഅകളിൽ കൃത്യമായി പങ്കെടുക്കാത്തവരിൽ, റമസാനിലെ ഈ അവസാനത്തെ ജുമുഅയിൽ നിർബന്ധമായും പോകണമെന്നും, പങ്കെടുക്കണമെന്നും ഇതിന്റെ അനുഗ്രഹത്തിൽ നിന്ന് ഫലമെടുക്കണമെന്നുമുള്ള വിചാരം ഉണ്ടായിട്ടുണ്ട്. അത്തരക്കാരുടെ ചിന്താഗതിയിൽ മാറ്റമുണ്ടായതുകൊണ്ടാണ് അവർ ജുമുഅ നമസ്കരിക്കാൻ വന്നത്. അവരുടെ ബുദ്ധിയിലും ഹൃദയങ്ങളിലും ഐസ് കട്ടപിടിച്ചിരുന്ന കാരണത്താൽ ജുമുഅയുടെ പ്രാധാന്യത്തെക്കുറിച്ച് അവർക്കറിയില്ലായിരുന്നു. ഈ ഐസിനെ റമസാനിലെ ചൂട് ഉരുക്കിയിരിക്കുകയാണ്. റമസാനിലെ ദിനങ്ങളിൽ ഓരോ വീട്ടിലും ഉണ്ടാകുന്ന പ്രത്യേകമായ അന്തരീക്ഷമാണ് അതിനെ ഉരുക്കിക്കളഞ്ഞത്. ആ അന്തരീക്ഷത്തിൽ ചെറിയവരും വലിയവരും മടിയന്മാരും ഉപാസനാകർമ്മങ്ങളനുഷ്ഠിക്കുന്നവരുമെല്ലാം, തങ്ങളുടെ കഴിവനുസരിച്ച് റമസാനിലെ അനുഗ്രഹങ്ങളെ സ്വരൂപിച്ചെടുക്കുന്നതിനുവേണ്ടി പരിശ്രമിക്കുന്നു. നമസ്കാരത്തിൽ ഉത്സുകരല്ലാത്തവർക്കും അല്ലാഹുവിന്റെ വിളികേട്ട് അവന്റെ സന്നിധിയിൽ പള്ളിയിൽവന്ന് ആരാധനാകർമ്മങ്ങളനുഷ്ഠിക്കണമെന്നുള്ള ശ്രദ്ധ ഉണ്ടായിട്ടുള്ള അന്തരീക്ഷമാണ് വന്നിട്ടുള്ളത്. ജുമുഅയിൽ, അല്ലെങ്കിൽ റമസാനിലെ ജുമുഅയിൽ പങ്കെടുക്കണമെന്നുള്ള വിചാരം ഉണ്ടായിരിക്കുന്നു. ഇവർ ഇനി ഇക്കാര്യത്തെ തങ്ങളുടെ ജീവിതത്തിന്റെ സ്ഥിരമായ ഭാഗമാക്കി മാറ്റേണ്ടതാണ്. ഒരിക്കലുണ്ടായിരിക്കുന്ന ഈ വിചാരം എന്നെന്നും നിലനില്ക്കേണ്ടതാണ് ഈ ചിന്താഗതി നിലനിന്നാൽ, എങ്ങനെയാണ് അല്ലാഹു തന്റെ സാമീപ്യം പ്രാപിക്കുന്നവരുടെ മേൽ തന്റെ അനുഗ്രഹങ്ങളുടെയും കാരുണ്യങ്ങളുടെയും വാതിലുകൾ തുറന്നുകൊണ്ടുപോകുന്നതെന്ന് നിങ്ങൾക്കു കാണാൻ കഴിയും.

ഞാനോതിയ വചനം സൂറ ജുമുഅയിൽ നിന്നുള്ള രണ്ടുവചനങ്ങളാണ്. ഇതിൽ അല്ലാഹു ജുമുഅയുടെ പ്രാധാന്യത്തെക്കുറിച്ച് പറഞ്ഞിരിക്കുന്നു. റമസാനിലെ അവസാനത്തെ വെള്ളിയാഴ്ചയിൽ പങ്കെടുക്കുക എന്നല്ല ഇവിടെ പറഞ്ഞിട്ടുള്ളത്. മറിച്ച് ഒന്നും പ്രത്യേകപ്പെടുത്താതെ, ഓരോ ജുമുഅയെക്കുറിച്ചുമാണ് പറഞ്ഞിട്ടുള്ളത്. എല്ലാ ജുമുഅയും തുല്യമാണ്. ഇതിൽ മുടങ്ങാതെ ഹാജരാകാൻ വിശ്വാസികൾ എപ്പോഴും ശ്രദ്ധിക്കേണ്ടതാണ്. അതിന് കുറച്ച് നിർദ്ദേശങ്ങൾ തന്നിട്ടുണ്ട്. അതെന്താണ്? ഒരു സത്യവിശ്വാസി ശ്രദ്ധിക്കേണ്ടതായ ആ നിർദ്ദേശങ്ങൾ എന്താണ്? ജുമുഅ ദിവസം ജുമുഅ നമസ്കരിക്കാൻ വിളിക്കപ്പെട്ടാൽ ഒഴികഴിവുകളൊന്നും കൂടാതെ, വ്യാപാര പരമായ കാര്യങ്ങളുടെ ചിന്തയിൽ മുഴുകാതെ, എല്ലാ ജോലിയുമുപേക്ഷിച്ച് ക്ഷണത്തിൽ പള്ളിയിലേക്ക് പോകാനൊരുങ്ങുക എന്നതാണത്. ഇതിൽ അമാന്തം കാണിക്കരുത്. എന്തുകൊണ്ടെന്നാൽ ജുമുഅയ്ക്ക് ഒരു പ്രാധാന്യമുണ്ട്. ആ പ്രാധാന്യം എപ്പോഴും നിങ്ങളുടെ മുമ്പിലുണ്ടാ

യിരിക്കണം. ഈ പ്രാധാന്യത്തെക്കുറിച്ച്, ജുമുഅ യിലെ ആരാധന നിങ്ങളെ എന്താക്കിത്തീർക്കുമെ ന്നതിനെക്കുറിച്ചും, ജുമുഅയിൽ ചെയ്യുന്ന ദുആ എത്രമാത്രം സ്ഥാനമർഹിക്കുന്നുവെന്നതിനെക്കു റിച്ചും ജുമുഅ ദിവസം ശയ്ത്വാന്റെ പിടിയിൽ നിന്നും എങ്ങനെ നിങ്ങൾക്കു രക്ഷപ്പെടാൻ കഴിയുമെന്നതി നെക്കുറിച്ചും ഇതുമുഖേന എന്നെന്നും നിങ്ങൾക്കു നന്മയിൽ നിലകൊള്ളാനും, നന്മയിൽ നില്ക്കാനുള്ള കഴിവ് ഉണ്ടാക്കാനും സാധിക്കുമെന്നതിനെക്കുറിച്ചും നിങ്ങളറിയുന്നവരാണെങ്കിൽ ഒരിക്കലും ജുമുഅ നിങ്ങൾ ഉപേക്ഷിക്കുകയില്ല. സാരമില്ല; ജുമുഅ ഇനിയും നമസ്കരിക്കാം ഇപ്പോൾ തൊഴിലെടുക്കാം അല്ലെങ്കിൽ കൂട്ടുകാരോടൊത്ത് കറങ്ങാൻ പോകാം, എന്ന ചിന്ത ഉണ്ടാകരുത്. മറിച്ച് ഈ വചനമനുസ രിച്ച് ജുമുഅയിൽ വരാൻ ധിറുതി കാണിക്കുക. ഈ പ്രാധാന്യത്തെ നബി(സ) ഇങ്ങനെ വിവരിച്ചിരിക്കു ന്നു.

ഹസ്റത്ത് അബൂഹുറയ്റ(റ) നിവേദനം ചെയ്യു ന്നു. നബി(സ) തിരുമേനി പറഞ്ഞു. "സൂര്യനുദി ക്കുന്ന ദിവസങ്ങളിൽ വെച്ചേറ്റവും ശ്രേഷ്ഠമായത് ജുമുഅ ദിവസമാകുന്നു. ആദം നബി(അ) സൃഷ്ടി ക്കപ്പെട്ടതും സ്വർഗ്ഗത്തിൽ പ്രവേശനം നൽകപ്പെട്ടതും അതിൽ നിന്നു ബഹിഷ്ക്കരിക്കപ്പെട്ടതും അന്നേ ദിവ സമാണ്. ആ ദിവസത്തിൽ ഒരു സമയമുണ്ട്. അല്ലാ ഹുവുമായി ബന്ധം വയ്ക്കുന്ന ഏതൊരു മുസ്ലിം അടിമയുടെയും ആവശ്യം അല്ലാഹു തആല ആ സമയത്ത് നിറവേറ്റിക്കൊടുക്കുന്നതാണ്."

ഈ ദിനത്തിന്റെ പ്രാധാന്യം ഇതാണ്. ദിവസ ങ്ങളിൽ ഏറ്റവും ഉത്തമമായ ദിവസമാണിത്. കാര ണം, ഇതിലാണ് ആദം(അ) സൃഷ്ടിക്കപ്പെട്ടത്. ഈ ദിവസമാണ് അദ്ദേഹം സ്വർഗ്ഗത്തിൽ പ്രവേശിപ്പിക്ക പ്പെട്ടത്. സ്വർഗ്ഗത്തിൽനിന്ന് പുറത്താക്കപ്പെടുകയും ചെയ്തു. സ്വർഗ്ഗത്തിൽ പ്രവേശിക്കപ്പെടുകയും പുറ ത്താക്കപ്പെടുകയും ചെയ്തു എന്ന രണ്ടു കാര്യവും ഒന്നു മറ്റൊന്നിനോട് ബന്ധിപ്പിച്ചു പറഞ്ഞിരിക്കുന്നു. വളരെ ചുരുക്കി ഇതു സംബന്ധമായി പറയട്ടെ, ജിന്നിനേയും ഇൻസിനേയും സൃഷ്ടിച്ചതിന്റെ ഉദ്ദേശ്യം ആരാധനയാണെന്ന് അല്ലാഹു പറഞ്ഞിരി ക്കുന്നു. അതായത് അവർ അല്ലാഹുവിനെ ആരാധി ക്കണം. അല്ലാഹുവിനെ ആരാധിക്കുകയും അവന്റെ കല്പനകളനുസരിച്ച് പ്രവർത്തിക്കുകയും ചെയ്യുന്ന വരായ, ആദമിന്റെ ഈ സന്താനങ്ങൾ സ്വർഗ്ഗാവകാ ശികളായിരിക്കും. അല്ലാഹുവിന്റെ തൃപ്തി കരസ്ഥ മാക്കുന്നവരായിരിക്കും. ദുആ സ്വീകാര്യതയുടെ അട യാളങ്ങൾ കാണുന്നവരുമായിരിക്കും. എന്നാൽ ആരാധനാ കർമ്മങ്ങളനുഷ്ഠിക്കാത്തവരും, കല്പന കളനുസരിച്ച് പ്രവർത്തിക്കാത്തവരും ശയ്ത്വാന്റെ പിടിയിൽ അമരുന്നവരും, ജുമുഅ ദിവസത്തിന് അല്ലാഹു നല്കീട്ടുള്ള പ്രാധാന്യത്തെ അവഗണിക്കു ന്നവരും തങ്ങളുടെ ജോലിത്തിരക്കും തൊഴിലിടപാ ടുകളും കാരണത്താൽ അല്ലാഹു തആല നിശ്ചയി ച്ചിട്ടുള്ള ഈ പ്രത്യേക ദിനത്തിന്റെ ആരാധനയിൽ അശ്രദ്ധരുമായിരിക്കും. അത്തരക്കാർ സ്വർഗ്ഗാവകാ ശികളാകുകയില്ല. മറിച്ച് അല്ലാഹു നല്കിയ കല്പന കളനുസരിച്ച് പ്രവർത്തിക്കാത്ത കാരണത്താൽ ആദ മിന് സ്വർഗ്ഗത്തിൽനിന്ന് പുറത്തുപോകേണ്ടി വന്നതു പോലെ(നിങ്ങളും പുറത്തു പോകുന്നതാണ്), മുസ്ലിം എന്നു പറഞ്ഞ് സ്വർഗ്ഗാവകാശിയാകാം എന്നു കരുതണ്ട. പ്രത്യുത കല്പനകളനുസരിച്ച് പ്രവർത്തിച്ചേ സ്വർഗ്ഗാവകാശിയാകാൻ പറ്റുകയുള്ളൂ. അതുകൊണ്ട് നിങ്ങളുടെ പിതാവായ ആദമിന്റെ അനുഭവത്തിൽ നിന്ന് പാഠമുൾക്കൊള്ളുക. ശയ്ത്വാ നിൽനിന്ന് രക്ഷപ്പെടുന്നതിന് പരിശ്രമിച്ചുകൊണ്ടിരി ക്കുക. അവനുമായി പോരാടുക. ഓരോ ജുമുഅ ദിവസവും ഒന്നിച്ചു ചേരാൻ അല്ലാഹു നിങ്ങളോടു കല്പിച്ചിരിക്കുന്നു. അതനുസരിച്ച് പ്രവർത്തിക്കുക. ഈ ദിനത്തിന്റെ പ്രാധാന്യത്തെ കണക്കിലെടുത്തു കൊണ്ട് അല്ലാഹുതആല ഒരു സൗകര്യം നിങ്ങൾക്ക് ഒരുക്കിത്തന്നിരിക്കുന്നു. അല്ലെങ്കിൽ ഒരു പാരിതോ ഷികം നിങ്ങൾക്ക് നല്കിയിരിക്കുന്നു. അതായത്, ആരാധനകൾക്കിടയിൽ നിങ്ങളുടെ ദുആ സ്വീകരി ക്കുന്നതിനുവേണ്ടി ഒരു പ്രത്യേക സമയം അല്ലാഹു അതിൽ ഉൾക്കൊള്ളിച്ചിരിക്കുന്നു. അതുകൊണ്ട് വർഷത്തിനുശേഷമല്ല, മറിച്ച് ഓരോ ഏഴാം ദിവ സവും ഒരു ചിട്ടയോടുകൂടി അവനെ ആരാധിക്കു ന്നതിലേക്ക് ശ്രദ്ധിച്ചാൽ സ്വർഗ്ഗത്തിൽനിന്ന് പുറത്തു പോകുന്നതിനുപകരം സൽക്കർമ്മങ്ങളും ആരാധന കളും കൊണ്ട് ഈ ലോകത്തും പരലോകത്തും അല്ലാഹുവിന്റെ വാഗ്ദാനമനുസരിച്ച് സ്വർഗ്ഗാവകാ ശികളായിത്തീരുന്നതാണ്.

നോക്കുക, സ്വർഗ്ഗത്തിൽനിന്ന് പുറത്തുപോകു ന്നതിനോടൊപ്പം, ശയ്ത്വാനെ നേരിടുന്നതിനുള്ള ശക്തിയും നല്കിയിരിക്കുന്നു. ഈ പോരാട്ടം, ശയ്ത്വാനെതിരിലുള്ള ഈ ജിഹാദാണ് നിങ്ങളെ സ്വർഗ്ഗത്തിൽ പ്രവേശിപ്പിക്കുന്നത്. എന്നല്ല നിങ്ങൾ ക്കുവേണ്ടി രണ്ടു സ്വർഗ്ഗം നിശ്ചയിക്കപ്പെട്ടിരിക്കുന്നു, ഈ ലോകത്തെ സ്വർഗ്ഗവും അടുത്ത ലോകത്തെ സ്വർഗ്ഗവും നമുക്കറിയാം, പൊതുവെ ഏതെങ്കിലും നല്ല ദിനത്തിന്റെ അനുസ്മരണമോ പിറന്നാളോ ആഘോഷിക്കുന്നത് വർഷത്തിനുശേഷമാണ്. ശയ്ത്വാനിൽനിന്ന് രക്ഷകിട്ടിയാലും വർഷത്തിനുശേ ഷമായിരിക്കും ആ രക്ഷ കിട്ടിയ മുഹൂർത്തം സ്മരി ക്കപ്പെടുന്നത്. എന്നാൽ, ഇവിടെ അല്ലാഹു ഏഴു ദിവ സത്തിനുശേഷം ഈ ഒരു ദിവസം വെച്ചിരിക്കുന്നു. ആദമിനെ താൻ സ്വർഗ്ഗത്തിൽ പ്രവേശിപ്പിച്ചതും ആ ദിനം നിങ്ങൾ സ്മരിക്കാൻ അല്ലാഹു പറയുന്നു. ഒന്നി ച്ചുചേർന്ന് ദുആ ചെയ്യാൻ അവൻ കല്പിക്കുന്നു. തന്റെ നബിയുടെ മേൽ സ്വലാത്തുചൊല്ലാൻ നിർദേ ശിക്കുന്നു. തന്റെ കല്പനകളനുസരിച്ച് പ്രവർത്തി ക്കാൻ ഉത്തരവിടുന്നു. അതിനാൽ, എന്നെന്നും സ്വർഗ്ഗത്തിലിരിക്കുമെന്ന് സുവാർത്ത അറിയിക്കുന്നു. എന്നാൽ, ഈ സൽക്കർമം ചെയ്യുന്നില്ലെങ്കിൽ ആദ മിനെപ്പോലെ സ്വർഗ്ഗത്തിൽനിന്ന് പുറത്താക്കപ്പെടു മെന്ന മുന്നറിയിപ്പും തരുന്നു. അതുകൊണ്ട്

ഉണർന്നു പ്രവർത്തിക്കുക. ഈ മുന്നറിയിപ്പിനോടൊപ്പം, ഇതിൽ നിങ്ങൾ ചെയ്യുന്ന നിങ്ങളുടെ ദുആയും വിലാപവും സ്വീകരിക്കപ്പെടുമെന്നുള്ള സുവിശേഷവും നല്കിയിരിക്കുന്നു. ദുആ സ്വീകാര്യതയുടെ ഒരു സമയമുണ്ടെന്നും അറിയിച്ചിരിക്കുന്നു; നിങ്ങൾ സ്വർഗ്ഗത്തിൽനിന്ന് ഫലമെടുക്കുന്നതിനുവേണ്ടി. ഈ ഭൂമിയും നിങ്ങൾക്ക് സ്വർഗ്ഗമായിത്തീരണം, ഈ ലോകവും നിങ്ങൾക്ക് സ്വർഗ്ഗമായിത്തീരണം, മരണത്തിനുശേഷവും നിങ്ങൾ അനശ്വരമായ സ്വർഗ്ഗത്തിന്റെ അവകാശികളായിത്തീരണം. ഇങ്ങനെ ശയ്ത്വാനിൽനിന്ന് രക്ഷപ്പെടുന്നതിനുവേണ്ടി നമുക്ക് ആയുധവും നല്കി, ഈ ആയുധം ഫലിക്കുമെന്നതിന് ജാമ്യവും നല്കി.

എന്നാൽ, ഞാൻ പറഞ്ഞതുപോലെ ശയ്ത്വാനും ഈ ദിവസം വലിയ തിടുക്കം കൂട്ടുന്നതാണ്. കാരണം ശയ്ത്വാനാണ് ഈ ദിവസം കാണിച്ചുകൊടുത്തത്. അതുകൊണ്ട് നിങ്ങൾക്കും നിങ്ങളുടെ ആരാധനകളിൽ ഒരു പ്രത്യേക സ്ഥാനം സൃഷ്ടിക്കേണ്ടിവരും. ഈ പ്രത്യേക സ്ഥാനം കിട്ടുമ്പോഴാണ് ശയ്ത്വാന്റെ ആക്രമണങ്ങളിൽ നിന്ന് രക്ഷപ്പെടാൻ കഴിയുക. മറ്റൊരു നിവേദനത്തിൽ ഒരു ദുആ സ്വീകാര്യതയെക്കുറിച്ച് ഇങ്ങനെ പറഞ്ഞിരിക്കുന്നു. നബി (സ) പറഞ്ഞു: ആ ദിവസത്തിൽ ഒരു സമയമുണ്ട്. തന്റെ ആവശ്യങ്ങൾക്കുവേണ്ടി പ്രാർത്ഥിച്ച് നമസ്കരിക്കുന്ന മുസ്ലിമായ ഒരടിമയടെ ആവശ്യം അല്ലാഹു നിറവേറ്റിക്കൊടുത്തിട്ടല്ലാതെ വിട്ടുകളയുകയില്ല. അത് വളരെ കുറഞ്ഞ സമയമാണെന്ന് നബി(സ) കൈകൊണ്ട് ആംഗ്യം കാണിച്ചു.

ഇവിടെയും ജുമുഅ എന്നാണ് പറഞ്ഞിട്ടുള്ളത്. ജുമുഅത്തുൽ വിദായിലാണ് ആ പ്രത്യേക സമയമെന്ന് പറഞ്ഞിട്ടില്ല. അടുത്ത ആയത്തിൽ പറഞ്ഞു: തിരക്കുണ്ടായിട്ടും ഒരു പ്രത്യേക സമയത്ത് നിങ്ങൾ നമസ്കാരത്തിനായി കൂടിച്ചേർന്ന് നമസ്കരിച്ചുകഴിഞ്ഞാൽ അല്ലാഹുവിന്റെ അനുഗ്രഹത്തിൽ നിന്ന് കുറച്ചുനേടിക്കൊള്ളാൻ നിങ്ങൾക്ക് അനുവാദം ഉണ്ട്. അതായത് ഭൗതികമായ എന്തെങ്കിലും ജോലിയുണ്ടെങ്കിൽ, തിരക്കുണ്ടെങ്കിൽ, ജുമുഅ നമസ്കാരത്തിനുശേഷം അതു ചെയ്തുകൊള്ളുക. എന്നാൽ, നിങ്ങളെ സൃഷ്ടിച്ചതിന്റെ ഉദ്ദേശ്യം എപ്പോഴും നിങ്ങളുടെ മുമ്പിലുണ്ടായിരിക്കണം. അല്ലാതെ ജുമുഅ നമസ്കാരത്തിനുശേഷം അസർ നമസ്കാരം ഖളായാക്കി നമസ്കരിക്കുകയോ അല്ലെങ്കിൽ മറന്നുപോകയോ ചെയ്യുക എന്നതല്ല. ജുമുഅ നമസ്കാരത്തിനുശേഷവും നിങ്ങൾ ഭൗതികതൊഴിലെടുക്കാൻ നിർബന്ധിതരാണെങ്കിൽ തീർച്ചയായും അതു ചെയ്തുകൊള്ളുക. ഹസ്റത്ത് മുസ്ലിഹ് മൗഊദ് (റ) എഴുതിയിരിക്കുന്നത്, നിർബന്ധിതനാണെങ്കിൽ ചെയ്യുക ഇല്ലെങ്കിൽ ദൈവസ്മരണയിൽ സമയം ചെലവഴിക്കുക എന്നാണ്. എന്നാൽ, ആ ഭൗതിക ജോലിക്കിടയിലും ദൈവസ്മരണ ചെയ്തുകൊണ്ടിരിക്കണം. മറ്റു നമസ്കാരങ്ങളും കൃത്യസമയത്ത് അനുഷ്ഠിക്കണമെന്ന വിചാരം ഉണ്ടാകുകയും വേണം. ജുമുഅ നമസ്കരിച്ചു, ഇനി ബാക്കി നമസ്കാരം സൗകര്യം പോലെയാകാമെന്ന ധാരണ ചിലരിലെങ്കിലും ഉണ്ടാകും. അത്തരം തെറ്റുധാരണയുണ്ടാകരുത്. ആ ധാരണയുമകറ്റി ദൈവസ്മരണ എപ്പോഴും ഉണ്ടാകണം. ഹൃദയം ദൈവസ്മരണയിൽ മുഴുകുമ്പോൾ അതിന്റെ ഫലമായി നമസ്കരിക്കണമെന്ന വിചാരമുണ്ടാകുകയും കൃത്യസമയത്ത് അതു നിർവഹിക്കുകയും ചെയ്യുന്നതാണ്. നമസ്കാരം കൃത്യസമയത്തനുഷ്ഠിക്കുമ്പോൾ ശയ്ത്വാനിൽ നിന്നും തിന്മയിൽ നിന്നും രക്ഷപ്പെടുകയും ചെയ്യും. അല്ലാഹു പറയുന്നു.

*ഇന്നസ്സ്വലാത്ത തൻഹാ അനിൽ ഫഹ്ശാഇ വൽമുൻകർ*

നീചകൃത്യങ്ങളേയും നിഷിദ്ധകർമ്മങ്ങളേയും നിശ്ചയമായും നമസ്കാരം തടയുന്നതാണ്. (29:46)

ഇക്കാരണത്താൽ സ്വർഗ്ഗത്തിൽ നിന്ന് പുറത്തുപോകുന്നതിനുപകരം, സ്വർഗ്ഗത്തിൽ പ്രവേശിക്കുന്നവരായിത്തീരുകയും ആ ദിവസത്തെ മുന്നറിയിപ്പിൽ നിന്നും തിന്മയിൽനിന്നും രക്ഷപ്പെടുകയും ചെയ്യുന്നതാണ്.

ശയ്ത്വാനിൽനിന്ന് രക്ഷപ്പെടുന്നതിനുവേണ്ടി ആരാധനാകർമ്മങ്ങളനുഷ്ഠിക്കാനും ജുമുഅ ദിവസം പ്രത്യേകം ശ്രദ്ധിക്കാനും അല്ലാഹു കല്പിച്ചു.

നബി(സ) തിരുമേനി ആരാധനയെക്കുറിച്ച് പറഞ്ഞതിനെ തുടർന്ന് കുറച്ചു രീതികളും പറഞ്ഞിരിക്കുന്നു. അല്ലാഹുവിനോളമെത്തിക്കുന്ന മാധ്യസ്ഥം നബി(സ) തിരുമേനി മാത്രമാണെന്ന് നമുക്ക് ഓരോരുത്തർക്കുമറിയാം. ഇക്കാലത്തു ഏതെങ്കിലും ജീവനുള്ള മതമുണ്ടെങ്കിൽ അതു ഇസ്ലാമാണ്. ഇക്കാലത്ത് മനുഷ്യനെ അല്ലാഹുവുമായി നേരിട്ട് ബന്ധിപ്പിക്കുന്ന ഏതെങ്കിലും മതമുണ്ടെങ്കിൽ അത് ഇസ്ലാം മാത്രമാണ്. നേരിട്ട് ബന്ധിപ്പിക്കുന്നതിന്റെ അർത്ഥം നബി(സ) തിരുമേനിയെ മാർഗമാക്കുക എന്നതാണ്. നബിയെ പിൻപറ്റാത്തവൻ അല്ലാഹുവിന്റെ സാമീപ്യം പ്രാപിക്കുകയില്ല. നബിയുടെ മേൽ സ്വലാത്ത് ചൊല്ലാത്തവന്റെ ദുആയും സ്വീകരിക്കപ്പെടുകയില്ല. അതുകൊണ്ട് നബിയുടെ മേൽ സ്വലാത്ത് ചൊല്ലിക്കൊണ്ടിരിക്കാൻ നമ്മോടു കല്പിച്ചിരിക്കുന്നു. ഇതുമുഖേന ദൈവസാമീപ്യം പ്രാപിക്കുന്നവരായിത്തീരുക. എന്നാൽ ജുമുഅ ദിവസം ഈ സ്വലാത്ത് ചൊല്ലുന്നതിനും പ്രാധാന്യമുണ്ട്. ഒരു നിവേദനത്തിൽ വന്നിരിക്കുന്നു. നബി(സ) തിരുമേനി പറഞ്ഞു: "നിങ്ങളുടെ ഏറ്റവും പ്രാധാന്യമുള്ള ദിവസങ്ങളിൽപ്പെട്ടതാണ് ജുമുഅ ദിവസം. അതുകൊണ്ട് അന്നേ ദിവസം നിങ്ങൾ എന്റെ പേരിൽ സ്വലാത്ത് ചൊല്ലുക. നിശ്ചയം നിങ്ങളുടെ സ്വലാത്ത് എന്റെയടുക്കൽ വെളിവാക്കപ്പെടും."

നോക്കുക, ഇവിടെയും സ്വലാത്ത് എടുത്തുദ്ധരിച്ചുകൊണ്ട് ജുമുഅയുടെ പ്രാധാന്യം പറയപ്പെട്ടിരിക്കുന്നു. സ്വലാത്ത് നബി(സ)യുടെ സവിധത്തിൽ സമർപ്പിക്കപ്പെടുന്നതാണ്. അല്ലാഹു തആല നബി (സ)ക്ക് ശിപാർശ ചെയ്യാനുള്ള അവകാശം നല്കിയിരിക്കുന്നു. ഈ ജുമുആയിൽ ചൊല്ലപ്പെടുന്ന

സ്വലാത്ത് തന്നെയാണ് നമ്മുടെ കണക്കു പുസ്തകത്തിൽ വരവ് വെച്ചുകൊണ്ടുപോകുന്നത്. എല്ലാ ദിവസവും സ്വലാത്ത് ചൊല്ലേണ്ടതാണ്; പ്രത്യേകിച്ച് ജുമുആ ദിവസം. ഇതും ജുമുഅ ദിവസത്തിന്റെ പ്രാധാന്യം പറയുന്നതിനുവേണ്ടിയാണ് പറഞ്ഞിട്ടുള്ളത്. ജുമുഅത്തുൽ വിദാ ദിവസം നിങ്ങൾ സ്വലാത്ത് ചൊല്ലിയാൽ അതെന്റെ മുന്നിൽ സമർപ്പിക്കപ്പെടുമെന്ന് ഒരിടത്തും പറഞ്ഞിട്ടില്ല. പ്രത്യുത, ഓരോ ജുമുഅ ദിവസത്തേയും സ്വലാത്ത് നബി(സ)യുടെ സന്നിധിയിൽ സമർപ്പിക്കപ്പെടുന്നതാണ്. ഇതെല്ലാം വിളിച്ചോതുന്നത് ജുമുഅത്തുൽ വിദായ്ക്ക് പ്രത്യേകതയൊന്നുമില്ലെന്നാണ്. പ്രത്യേക സ്ഥാനമില്ലെന്നാണ്. വിശുദ്ധഖുർആനിൽ നിന്നോ ഹദീസുകളിൽ നിന്നോ അതിനെന്തെങ്കിലും പ്രത്യേകതയുള്ളതായി അറിയാൻ കഴിയുന്നില്ല. ഇതെല്ലാം പിന്നീട് വന്നു ചേർന്ന കാര്യങ്ങളാണ്. ചില സ്വാർത്ഥമതികളായ ആലിംകളോ, നാമമാത്രരായ കർമ്മശാസ്ത്രപണ്ഡിതന്മാരോ തങ്ങളുടെ ലാഭത്തിനുവേണ്ടി ഉണ്ടാക്കി വെച്ചതാണിതെല്ലാം. ഇതുമുഖേന പൊതുജനങ്ങളെയും വഴിതെറ്റിക്കുന്നു. ഞാനാദ്യം പറഞ്ഞതുപോലെ ശയ്ത്വാനും, ഈ ദിവസം പ്രത്യേകമായ നിലയിൽ ശക്തമായ ആക്രമണം നടത്തുന്നു. ഗൂഢപദ്ധതി തയ്യാറാക്കി ആക്രമണം നടത്തുന്നു. ഇന്നേദിവസം ആദം സൃഷ്ടിക്കപ്പെടുകയും തനിക്കെതിരെ പോരാടാൻ പദ്ധതിയുണ്ടാക്കുകയും അല്ലാഹു, തന്നെ ഇകഴ്ത്തി കാണിക്കുകയും ചെയ്തത് കൊണ്ട് ശയ്ത്വാന് ബുദ്ധിമുട്ടുണ്ട്. ബുദ്ധുമുട്ടുണ്ടായിരുന്നു. യഥാർത്ഥത്തിൽ ശയ്ത്വാന്റെ പോരാട്ടം അല്ലാഹുവിനോടായിരുന്നു. എന്നാൽ, അല്ലാഹുവിന് ഒരു നഷ്ടവും ഉണ്ടാക്കാൻ അവന് കഴിയുകയില്ല. അതുകൊണ്ട് സൃഷ്ടികളെ തന്റെ പിടിയിലൊതുക്കാൻ ഇറങ്ങിയിരിക്കുകയാണ്. അതിനാണെങ്കിൽ അവന് സ്വാതന്ത്ര്യവും കിട്ടിയിട്ടുണ്ട്. നിനക്കു ഇഷ്ടമുള്ളതു ചെയ്യാം, നിന്റെ പിടിയിൽ വീഴുന്നവർ നരകത്തിൽ പ്പോകുമെന്നും, സൽക്കർമ്മങ്ങളിൽ നിലകൊള്ളുന്നവർ സ്വർഗ്ഗത്തിൽ പോകുമെന്നും അല്ലാഹു അവനോടു പറഞ്ഞു. പരമകാരുണികനായ അല്ലാഹുവിന്റെ ദാസന്മാർ, ഏറ്റവും കുറച്ചേ ലോകത്തുണ്ടാകാൻ പാടുള്ളു എന്ന രീതിയിലാണ് അവന്റെ പ്രവർത്തനം. എന്നാൽ, ജുമുഅയുടെ പ്രാധാന്യത്തെ മനസ്സിലാക്കിക്കൊണ്ട് എപ്പോഴും ജുമുആയിൽ പങ്കെടുക്കുകയും അതിനെ ദൃഢതരമാക്കിത്തീർക്കുകയും ചെയ്യുക എന്നത് ഇന്ന് അഹ്മദികളുടെ പ്രവൃത്തിയാണ്. ദൈവസ്മരണയും നബിയുടെ മേൽ ചൊല്ലുന്ന സ്വലാത്തും കൊണ്ട് പരമകാരുണികന്റെ ദാസരാകാൻ പരിശ്രമിക്കുക. പരമകാരുണികന്റെ ദാസരാകാൻ ശ്രമിക്കുമ്പോൾ, വെറും ജുമുഅയിൽ പങ്കെടുക്കണമെന്ന ചിന്തമാത്രമല്ല ഉണ്ടാകുന്നത്, മറിച്ച് മറ്റു നമസ്കാരങ്ങളിലും പങ്കെടുക്കണമെന്നും പള്ളികൾ ജനനിബിഡമാക്കണമെന്നും സ്വന്തം ബലഹീനതകളും ന്യൂനതകളും തെറ്റുകളും അകറ്റണമെന്നുമുള്ള ചിന്തയുമുണ്ടാകും. അല്ലാഹു ഇതിന് എല്ലാവർക്കും തൗഫീഖ് നല്കുമാറാകട്ടെ.

ഹസ്റത്ത് അബൂഹുറയ്റ(റ) നിവേദനം ചെയ്യുന്നു. നബി(സ) തിരുമേനി പറഞ്ഞു, എന്നല്ല, പറയാറുണ്ടായിരുന്നു. "വൻപാപങ്ങളിൽ നിന്ന് അകന്നു നിന്നാൽ, അഞ്ചുസമയങ്ങളിലെ നമസ്കാരങ്ങളും ഒരു ജുമുഅ അടുത്ത ജുമുഅവരെയും, ഒരു റമസാൻ അടുത്ത റമസാൻ വരെയുമുള്ള പാപങ്ങളെ പൊറുപ്പിക്കുന്നതാകുന്നു." ഇവിടെ കാര്യം കൂടുതൽ വ്യക്തമാക്കി. അഞ്ചു നമസ്കാരങ്ങൾ പ്രായശ്ചിത്തമായിത്തീരുന്നു. ഒരു നമസ്കാരത്തിനുശേഷം അടുത്ത നമസ്കാരത്തെക്കുറിച്ചുള്ള ചിന്ത മനുഷ്യനിലുണ്ടാകണം. പാപങ്ങളിൽ നിന്ന് രക്ഷപ്പെടാനുള്ള ശ്രമവും നടത്തിക്കൊണ്ടിരിക്കണം, നമസ്ക്കാരം അനുഷ്ഠിക്കുകയും വേണം. ഒരു ജുമുഅ അടുത്ത ജുമുഅ വരെയുള്ള പ്രായശ്ചിത്തമായിത്തീരുന്നു.

ഈ ഏഴുദിവസം നമസ്ക്കരിച്ച കാരണത്താൽ, വലിയ വലിയ പാപങ്ങളിൽ നിന്ന് ഒഴി ഞ്ഞു നിന്ന കാരണത്താൽ കഴിഞ്ഞ ജുമുഅയിൽ ഇന്ന ഇന്ന പാപങ്ങൾ ചെയ്യുകയില്ലെന്ന് പ്രതിജ്ഞ ചെയ്യുകയും അല്ലാഹുവിനോട് മാപ്പുചോദിക്കുകയും ചെയ്തതാണെന്ന ചിന്ത കാരണത്താൽ തീർച്ചയായും മനുഷ്യൻ തിന്മകളിൽ നിന്ന് രക്ഷപ്പെടാൻ പരിശ്രമിച്ചുകൊണ്ടിരിക്കുന്നതാണ്. കഴിഞ്ഞ ജുമുഅയിൽ അല്ലാഹുവിനോട് ഇന്ന തിന്മ ഉപേക്ഷക്കുമെന്ന് പ്രതിജ്ഞചെയ്യുകയും ഇന്നകാര്യം ചോദിക്കുകയും ചെയ്തതാണെന്നും വീണ്ടും ആ തിന്മ ചെയ്താൽ എന്തുമുഖവുമായി അടുത്ത ജുമുഅയിൽ അവന്റെ മുമ്പിൽ പോകുമെന്നും ഉള്ള ബോധം മനുഷ്യനുണ്ടെങ്കിൽ, അത് അടുത്ത ജുമുഅ വരെ പ്രായശ്ചിത്തമായി തീരുന്നതാണ്. വലിയ പാപങ്ങളിൽ നിന്ന് രക്ഷപ്പെട്ടിരിക്കുന്നുവെന്ന് സാക്ഷിപറയുകയും ചെയ്യും. വർഷത്തിനുശേഷമാണ് ജുമുഅ നമസ്കരിക്കേണ്ടതെങ്കിൽ, മനുഷ്യൻ ഒരുപാട് കാര്യങ്ങളും വാഗ്ദാനങ്ങളും പ്രതിജ്ഞകളും വരെ മറന്നുപോകുന്നതാണ്. എന്താണ് വാഗ്ദാനം ചെയ്തതെന്നോ, വാഗ്ദാനം ചെയ്യാതിരുന്നതെന്നോ ഓർമയുണ്ടാകുകയില്ല.

പിന്നീട് പറഞ്ഞത്, റമദാൻ പ്രായശ്ചിത്തമായി തീരുന്നുവെന്നാണ്. നമസ്കാരങ്ങളും ജുമുആയും അനുഷ്ഠിച്ചുകൊണ്ടിരിക്കുകയും നന്മകൾ നിലനാട്ടാനുള്ള ശ്രമം നടന്നുകൊണ്ടിരിക്കുകയുമാണെങ്കിൽ, റമസാനും ഇപ്രകാരം പ്രായശ്ചിത്തമാകുമെന്നത് വ്യക്തമാണ്.

കഫ്ഫാറ അഥവാ പ്രായശ്ചിത്തം എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത് ഈ നമസ്കാരങ്ങളും ജുമുഅകളും ഈ റമളാനും സാക്ഷി പറയുന്നതിനു വേണ്ടി എഴുന്നേറ്റുനിൽക്കുമെന്നതാണ്. ആ വ്യക്തിയിൽ നിന്നുണ്ടായ ചെറിയ ചെറിയ തെറ്റുകളും അല്ലെങ്കിൽ വിവരമില്ലായ്മകൊണ്ടുണ്ടായ പിഴവുകളും കണ്ടുകൊണ്ട് ഈ ആരാധനകൾ ഇങ്ങനെ പറയുന്നതാണ്: അല്ലാഹുവേ! നിന്നോടുള്ള ഭയവും സ്നേഹവുംകൊണ്ട് ഈ മനുഷ്യൻ, ഈ മുഅ്മിനായ ദാസൻ നിന്റെ തിരുസന്നിധിയിൽ

അഞ്ചുനേരം വന്നുകൊണ്ടിരിക്കുന്നു. ആ തിന്മ കളിൽനിന്ന് മാപ്പും ചോദിച്ചുകൊണ്ടിരിക്കുന്നു. വലിയ പാപങ്ങളിൽ നിന്ന് അകന്നിരിക്കുകയും ചെയ്തു. ജുമുഅ പറയും ഈ ഏഴുദിവസങ്ങളിൽ ഇയാൾ വലിയ വലിയ പാപങ്ങളിൽ നിന്നും തിന്മകളിൽ നിന്നും രക്ഷപ്പെടാൻ ശ്രമിക്കുകയും സുരക്ഷിതനായിരിക്കുകയും ചെയ്തു. എന്നാൽ ചെറിയ തെറ്റുകൾ ഉണ്ടായിട്ടുണ്ടെങ്കിൽ നീ പൊറുത്തുകൊടുത്താലും എന്തായാലും ഇയാൾ തന്നെ അർഹനാക്കിതീർക്കാൻ പരിശ്രമിച്ചിട്ടുണ്ട്. റമസാൻ പറയും റമസാന്റെ യഥാവിധിയനുസരിച്ച് ഈ റമസാൻ നോമ്പനുഷ്ഠിച്ചു. അടുത്ത റമസാനെ പ്രതീക്ഷിച്ചിരിക്കുകയും ചെയ്യുകയും പൊതുവെ തിന്മയിൽ നിന്ന് അകന്നിരിക്കുകയും ചെയ്തു. അഥവാ ചെറിയ തെറ്റുകളോ പിഴവുകളോ ഉണ്ടായി ട്ടുണ്ടെങ്കിൽ അവന് പൊറുത്തുകൊടുത്താലും.

ഈ ആരാധനകൾ ആ മുഅ്മിനായ ദാസനോ ടൊപ്പം നിൽക്കുമ്പോൾ അല്ലാഹുവിന്റെ മുമ്പിൽ സമർപ്പിക്കപ്പെടുമ്പോൾ ഈ ആരാധനകൾ കാരണം – അത് സദുദ്ദേശ്യത്തോടെ ചെയ്തതായിരിക്കണം, കാണിക്കാൻ വേണ്ടിയാകരുത്, കാരണം കാണി ക്കാൻ വേണ്ടിചെയ്യുന്ന ആരാധനകൾ ചെയ്യുന്നവ ന്റെ മുഖത്തേക്ക് വലിച്ചെറിയപ്പെടുന്നതാണ് – അവന് നന്മയിൽ വർദ്ധനവുണ്ടായിക്കൊണ്ടേയിരിക്കും. അവൻ നന്മയുടെ ഉന്നതമായഅവസ്ഥ നിലനിറുത്തി ക്കൊണ്ടുപോകും. അങ്ങനെ ചെറിയ ചെറിയ തിന്മ കളും അകന്നുപോകുന്ന ഒരു കാലം വരും. ഇതാണ് ആരാധനകളുടെ പ്രായശ്ചിത്തം എന്നതിന്റെ ഉദ്ദേശ്യം.

ഒരു നിവേദനത്തിൽ ഇങ്ങനെ വന്നിരിക്കുന്നു. അബൂ ജഅദ് സംരീ (റ) നിവേദനം ചെയ്യുന്നു. നബി (സ) പറഞ്ഞു: ആരാണോ മൂന്ന് ജുമുഅകൾ മനപൂർ വ്വം ഉപേക്ഷിച്ചത്, അല്ലാഹു അവന്റെ ഹൃദയത്തിൽ മുദ്രവെക്കുന്നു. ഞാൻ പറഞ്ഞതുപോലെ ജുമുഅ ത്തുൽ വിദാഇനെക്കുറിച്ച് മനസ്സിലാക്കാൻ കഴിയുന്ന ഒരു നിവേദനവും കിട്ടുന്നില്ല. അതിനെന്തെങ്കിലും പ്രത്യേകതയുണ്ടോ അതിൽ നമസ്കരിച്ചാൽ എല്ലാ പാപങ്ങളും മാപ്പാക്കുമെന്നോ കാണിക്കുന്ന ഒരു നിവേദനവും കാണുന്നില്ല. എന്നാൽ ഓരോ ജുമുഅ യുടേയും പ്രാധാന്യത്തെക്കുറിച്ച് പറയുന്ന നിവേദന ങ്ങളുണ്ട്.

ഞാൻ ഇപ്പോൾ പറഞ്ഞ നിവേദനത്തിലും പറ ഞ്ഞിട്ടുള്ളത് മനപൂർവം ജുമുഅ ഉപേക്ഷിക്കുന്നവ ന്റെ ഹൃദയത്തിൽ മുദ്ര പതിയുന്നുവെന്നാണ്. ആരു ടെ ഹൃദയത്തിലാണോ മുദ്രപതിയുന്നത് അവൻ മതത്തിൽ നിന്ന് അകന്നുപോയികൊണ്ടിരിക്കും. അങ്ങനെ അല്ലാഹുവിനെ മറന്നുപോകുന്ന ഒരു നേരം വരും ഇത് ശക്തമായ താക്കീതാണ്. ഓരോ അഹ്മദിയേയും അല്ലാഹു ഇതിൽ നിന്ന് സുരക്ഷി തരാക്കിവെക്കട്ടെ.

ആരാണോ, വർഷത്തിനുശേഷം ജുമുഅയോ, പെരുന്നാൾ നമസ്കാരമോ അനുഷ്ഠിക്കുന്നത് അവർ ഓർമവയ്ക്കേണ്ടകാര്യം ജുമുഅയും ഒരു തരം പെരുന്നാൾ തന്നെയാണെന്നാണ്. മൂന്നാഴ്ച അടുപ്പിച്ച് ജുമുഅ ഉപേക്ഷിച്ചാൽ ഹൃദയത്തിൽ കറപിടിക്കുമെന്നകാര്യം മേൽ പറഞ്ഞ ഹദീസിൽ നിന്ന് വ്യക്തമായതാണ്. പെരുന്നാളിന് പ്രാധാന്യം നൽകുകയും ജുമുഅയ്ക്ക് പ്രാധാന്യം നൽകാതി രിക്കുകയും ചെയ്യുന്നവരെക്കുറിച്ച് നബി(സ) പറഞ്ഞു – ഒരു ഖുത്ബ ജുമുഅയുടെ ഇടയ്ക്കാണ് അത് പറ ഞ്ഞത് – അല്ലയോ മുസ്ലിംകളെ! ഈ ദിവസത്തെ അല്ലാഹു നിങ്ങൾക്കുവേണ്ടി പെരുന്നാ ളാക്കിയിരിക്കുന്നു. ഈ ദിവസം നിങ്ങൾ കുളിക്കു കയും നിർബന്ധമായും പല്ല് തേക്കുകയും ചെയ്യുക.

അതായത് കുളിച്ച് വൃത്തിയായി നല്ല വസ്ത്രം ധരിച്ച് ഏതുപോലെ പെരുന്നാൾ ആഘോഷിക്കുന്നു വോ അതുപോലെ ഈ ദിവസം ആഘോഷിക്കുക. അല്ലാഹുവിനെ ആരാധിക്കുന്നതിനുവേണ്ടി ഒരിടത്തു കൂടിച്ചേരുക. ചിലയാളുകളെ ഞാൻ കണ്ടിട്ടുണ്ട്, ഇക്കാരണത്താൽ തന്നെയാണെന്നുതോന്നുന്നു, ജുമുഅ ദിവസം തങ്ങളുടെ കഴിവനുസരിച്ച് പ്രത്യേക നിലയിൽ ഭക്ഷണവുമുണ്ടാക്കുന്നു. ഈ ഏർപ്പാടു കൾ ചെയ്യുന്നത് അല്ലാഹുവും അവന്റെ റസൂലും കല്പിച്ചകാരണത്താലാണെന്ന ചിന്തയുണ്ടെങ്കിൽ ഭക്ഷണത്തോടൊപ്പം പ്രതിഫലവും കിട്ടിക്കൊണ്ടിരി ക്കും.

ജുമുഅയിൽ പങ്കെടുക്കാൻ വരുന്നവർക്ക് നബി(സ) തിരുമേനി മനോഹരമായ നിലയിൽ മറ്റൊരു പ്രചോദനവും നൽകുകയുണ്ടായി. ഹസ്റത്ത് ഇബ് നു ശിഹാബ്(റ) നിവേദനം ചെയ്യുന്നു. അദ്ദേഹത്തോ ട് അബൂ അബ്ദുല്ലാഹ് ആഗർ പറഞ്ഞു. അദ്ദേഹം ഹസ്റത്ത് അബൂഹുറയ്റ(റ) ഇങ്ങനെ പറയുന്നതായി കേട്ടു. നബി(സ) തിരുമേനി പറഞ്ഞു: ജുമുഅ ദിവസം വരുമ്പോൾ അതിന്റെ ഓരോവാതിലുകളിലും മലക്കുകൾ ഉണ്ടാകും. അവർ പള്ളിയിൽ ആദ്യം വരുന്നവരുടെ പേര് ആദ്യം എഴുതുന്നു. ഇങ്ങനെ അവർക്രമപ്രകാരംആളുകളുടെ ലിസ്റ്റ് തയ്യാറാ ക്കിക്കൊണ്ടിരിക്കുന്നു. ഇമാം ഖുത്വുബ ഓതുന്നതു വരെ അത് നടക്കുന്നു. അപ്പോൾ അവർ രജിസ്റ്റർ അടച്ചുവെക്കുകയും ദൈവസ്മരണയിൽ മുഴുകുക യും ചെയ്യുന്നു. ആദ്യം വരുന്നതാണ് പ്രതിഫലത്തി ന്റെ പ്രവൃത്തി. അതായത് പെട്ടന്ന് നമസ്കാരത്തിലേ ക്കു വരുക എന്നത് അല്ലാഹുവിന്റെ കല്പനയാണ്. കാരണം ശയ്ത്വാൻ, എങ്ങനെയെങ്കിലും തടയണമെ ന്ന ശ്രമത്തിലാണുള്ളത്. അവന്റെ ശ്രമമുണ്ടായിട്ടും. പള്ളിയിലേക്ക് വരണമെന്നും ജുമുഅ നമസ്കരിക്ക ണമെന്നുമുള്ള ചിന്ത ആ ദാസനിൽ നിലനിൽക്കുന്നു. ഇക്കാലത്താണെങ്കിൽ മറ്റുജോലിതിരക്കുകൾ കൊണ്ട് ഇതിന് കൂടുതൽ പ്രാധാന്യം കൈവന്നിരി ക്കുന്നു. ഇത്തരം സാഹചര്യത്തിൽ പെട്ടെന്ന് പള്ളി യിലേക്ക് വരികയും അല്ലാഹുവിന്റെ കല്പന പാലി ക്കുകയും ചെയ്യുമ്പോൾ കൂടുതൽ പ്രതിഫലം ലഭിക്കുന്നതാണ്.

മറ്റൊരു നിവേദനത്തിൽ വന്നിരിക്കുന്നു.

അൽഖുമാനി നിവേദനം ചെയ്യുന്നു. അദ്ദേഹം പറഞ്ഞു. ഞാൻ അബ്ദുല്ലാഹ് ബിൻ മസ്ഊദിന്റെ കൂടെ ജുമുഅ നമസ്കരിക്കാൻ പോയി തങ്ങളെക്കാൾ മുമ്പേ മൂന്നാളുകൾ പള്ളിയിൽ എത്തിക്കഴിഞ്ഞതായി അദ്ദേഹം കണ്ടു. നാലാമൻ ഞാനാണെന്ന് അദ്ദേഹം പറഞ്ഞു. പിന്നീട് പറഞ്ഞു. നാലാമനായെങ്കിലും അധികം ദൂരമില്ല. പിന്നീട് പറഞ്ഞു. നബി(സ) ഇങ്ങനെ പറയുന്നതായി ഞാൻ കേട്ടു. പുനരുത്ഥാന നാളിൽ ജനങ്ങൾ ജുമുഅയിൽ വരുന്ന കണക്കനുസരിച്ച് ഇരിക്കുകയായിരിക്കും അതായത് ഒന്നാമൻ, രണ്ടാമൻ, മൂന്നാമൻ, നാലാമൻ നാലാമനും അല്ലാഹുവിന്റെ തിരുസന്നിധിയിൽ ഇരിക്കുന്നതിന്റെ അടിസ്ഥാനത്തിൽ ദൂരമൊന്നുമില്ല.

ജുമുഅയിൽ പെട്ടെന്ന് വരുന്നതിനു വേണ്ടിയുള്ള സ്വഹാബത്തിന്റെ ശ്രമവും താല്പര്യവും ഇതായിരുന്നു. അഹ്മദികളും ഈ ഭാഗത്തേക്ക് പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. കാരണം, ഈ സൂറ ജുമുഅയിൽ തന്നെയാണ്, ആഖിരീനെക്കുറിച്ച്, മസീഹുമൗഊദിനെക്കുറിച്ച്, സ്വഹാബത്തുമായികൂടിച്ചേരുന്നതിനെക്കുറിച്ച് പറഞ്ഞിട്ടുള്ളത്. ഈ കൂടിച്ചേരൽ നമ്മൾ അവരെ പിൻപറ്റി നടക്കാൻ ശ്രമിക്കുമ്പോഴാണ് സഫലമാകുന്നത്. അതുകൊണ്ട് ഞാൻ പറഞ്ഞതു പോലെ അഹ്മദികൾ ജുമുഅയിൽ ഹാജരാകുന്നതിലേക്കും അതിന്റെ സംരക്ഷണത്തിലേക്കും പ്രത്യേകം ശ്രദ്ധിക്കേണ്ടതുണ്ട്. കാരണം ജുമുഅയ്ക്ക് ഒരു പ്രത്യേക പ്രാധാന്യമുണ്ട്. ഖുർആനിൽ നിന്നും ഹദീസിൽ നിന്നും ഞാൻ പറഞ്ഞകാര്യങ്ങൾ വളരെ വ്യക്തമാണ്.

മറ്റൊന്ന്, ഹസ്റത്ത് മസീഹ് മൗഊദ്(അ)നെ വിശ്വസിച്ചശേഷം നാം ഒരു കൈയ്യിൽ സംഘടിച്ചതുകൊണ്ട് നമുക്ക് മേൽ ഒരു ചുമതല ഏല്പിക്കപ്പെട്ടിട്ടുണ്ട്. അതൊരു വലിയ ഉത്തരവാദിത്വമാണ്. ഒത്തുചേർന്ന് ദുആചെയ്തുകൊണ്ട് മുഴുവൻ ലോകത്തേയും ഒരു കൈയ്യിൽ നമുക്ക് സംഘടിപ്പിക്കുകയും വേണം. മുഴുലോകത്തേയും നബി(സ)യുടെ ദാസരിൽ ഉൾപ്പെടുത്തുകയും വേണം. ഈ ഉത്തരവാദിത്തം നിർവ്വഹിക്കുകയും വേണം. അതിനുവേണ്ടി ഒരുപാട് പരിശ്രമിക്കേണ്ടിയും വരും. അല്ലാഹു തആല അതിനു തൗഫീഖ് നൽകുമാറാകട്ടെ.

ജുമുഅത്തുൽ വിദാ ദിവസം, ഖളാ ചെയ്യുകയാണെങ്കിൽ കഴിഞ്ഞകാലങ്ങളിൽ നമസ്കരിക്കാത്ത നമസ്കാരമെല്ലാം ഖളാ ആയി വീട്ടപ്പെടുമെന്ന ധാരണ മുസ്ലിംകളിലുണ്ട്. ഈ ചിന്താഗതി അഹ്മദികൾക്കില്ല. അതായത് രണ്ടു റക്കഅത്തിൽ എല്ലാം പൂർത്തിയായെന്ന്! ഇതിൽ നിന്ന് അഹ്മദികൾ പരിശുദ്ധരാണ്. അല്ലാഹുവിന് നന്ദി. ഇത് സംബന്ധിച്ച് ഹസ്റത്ത് മസീഹ് മൗഊദ്(അ)നോട് ആരോ ചോദിച്ചു. അവിടന്ന് പറഞ്ഞു. 'ഖളായെ ഉമരീ' ദിവസം നമസ്കരിച്ചുകൊള്ളാം എന്ന ധാരണയിൽ, അറിഞ്ഞുകൊണ്ട് വർഷം മുഴുവൻ നമസ്ക്കരിക്കാതിരിക്കുന്നവൻ പാപിയാണ്. ആരാണോ ലജ്ജിതനായി പശ്ചാത്തപിക്കുന്നത്, ഇനി നമസ്കാരം ഉപേക്ഷിക്കുകയില്ലെന്ന ഉദ്ദേശ്യത്തോടെ നമസ്ക്കരിക്കുന്നത് അവനെ സംബന്ധിച്ചിടത്തോളം പ്രശ്നമൊന്നുമില്ല. ഇക്കാര്യത്തിൽ ഹസ്റത്ത് അലി(റ) പറഞ്ഞ മറുപടിയാണ് നമുക്ക് നൽകാനുള്ളത്. ഹസ്റത്ത് അലി (റ) യുടെ മറുപടി മറ്റൊരു രിവായത്തിൽ ഇങ്ങനെ വന്നിരിക്കുന്നു.

ഒരിക്കൽ ഒരാൾ അസമയത്ത് നമസ്കരിക്കുകയായിരുന്നു; ഒരാൾ അലിയോട് ഇത് അസമയമാണ് താങ്കൾ എന്തുകൊണ്ട് അയാളെ തടയുന്നില്ല, താങ്കൾ ഖലീഫയല്ലേ എന്നുചോദിച്ചു. അദ്ദേഹം പറഞ്ഞു. വിശുദ്ധ ഖുർആനിലെ '*അറഅയ്ത്തല്ലദീ യൻഹാ, അബ്ദൻ ഇദാസല്ലാ*' എന്ന വചനത്തിന് വിധേയനായിപ്പോകുമോ എന്ന ഭയം എനിക്കുണ്ട് 'ഖളായെ ഉമരീ' ദിവസം നമസ്ക്കരിക്കാമെന്ന ധാരണയിൽ ഒരാൾ നമസ്ക്കാരം ഉപേക്ഷിക്കുകയാണെങ്കിൽ, അവൻ അനുവദനീയമല്ലാത്തത് ചെയ്തു. പശ്ചാതാപം എന്ന നിലയിൽ, നമസ്ക്കരിക്കുകയാണെങ്കിൽ നമസ്കരിച്ചുകൊള്ളട്ടെ. അതായത് അയാൾക്ക് ലജ്ജയുണ്ട് പശ്ചാത്തപിക്കാൻ ആഗ്രഹിക്കുന്നു. എന്നാൽ അയാൾ നമസ്കരിച്ചുകൊള്ളട്ടെ. എന്തിനാണ് തടയുന്നത്. എന്തായാലും ദുആ തന്നെയാണല്ലോ ചെയ്യുന്നത്.

പറഞ്ഞു, തടഞ്ഞുകൊണ്ട് നിങ്ങളും ഈ ഖുർആനിക വചനത്തിന് കീഴിൽ വരാനിടവരരുത്. ഇതാണ് ജുമുഅയുടെ പ്രാധാന്യം.

എന്നാൽ ഈ കാരണങ്ങളൊക്കെയുണ്ടായിട്ടും ചിലർ ഖുത്വുബ കേൾക്കാം സ്വയം കുറച്ച് കഷ്ടപ്പെടാം എന്നൊക്കെകരുതാറുണ്ട്. കാരണം ചിലരെ ജുമുഅയിൽ നിന്ന് ഒഴിവാക്കിയിട്ടുണ്ട്. അതിനെക്കുറിച്ചും ഞാൻ പറയാം ത്വാരിഖ്ബിൻ ശിഹാബ് (റ) നിവേദനം ചെയ്യുന്നു. നബി(സ) പറഞ്ഞു. ഓരോ മുസൽമാനും ജമാഅത്തോടുകൂടി ജുമുഅ നമസ്കരിക്കൽ നിർബന്ധമാണ്. നാലുവിഭാഗം ആളുകൾ ഒഴികെ അടിമകൾ, സ്ത്രീകൾ, കുട്ടികൾ, രോഗികൾ,

ഈ നാലുവിഭാഗത്തിന് ഇളവുനൽകിയിരിക്കുന്നു. പ്രത്യേകിച്ച് കൈക്കുഞ്ഞുള്ള ഉമ്മമാർ. കുഞ്ഞുങ്ങളുടെ കരച്ചിൽ കൊണ്ട് മറ്റുള്ളവരുടെ നമസ്കാരം മോശമാകുന്നതാണ്. അവർ വീട്ടിൽ ഇരിക്കുന്നതാണ് ഉത്തമം. വീട്ടിൽ നമസ്കരിക്കുക. ഈ ഒഴിവ് നൽകീട്ടുണ്ട്. വിഷമത്തിൽ നിന്നും ബുദ്ധിമുട്ടിൽ നിന്നും സ്വയം രക്ഷപ്പെട്ടതിനു പുറമേ മറ്റുള്ളവരെ വിഷമങ്ങളിൽ നിന്നും രക്ഷിക്കുന്നതിനും വേണ്ടിയാണ്. ഇവിടെ ആദ്യം പറഞ്ഞത് അടിമയെക്കുറിച്ചാണ് ഇവിടെ ഇക്കാലത്ത് അടിമയില്ല. എന്നാൽ ചിലപ്പോൾ ശെയ്ത്വാൻ ദുർബോധനം ചെയ്യുന്നതിന്റെ ഫലമായി തൊഴിലാളികൾ കരുതും തങ്ങൾ ആ വിഭാഗത്തിൽ പെട്ടവരാണെന്ന്. അവർ ഇതിൽ പെടുകയില്ലെന്ന് ഞാൻ വ്യക്തമാക്കട്ടെ.

കൈകുഞ്ഞുങ്ങളുള്ള ഉമ്മമാർ പള്ളിയിൽ വരുന്നതിനെക്കുറിച്ച് ഞാൻ പറയുകയുണ്ടായി. അവർ വരേണ്ട ആവശ്യമേയില്ല. അല്ലാഹുവിന്റെ

റസൂൽ ഇളവുനൽകിയിട്ടുണ്ടെങ്കിൽ അതിൽ നിന്ന് ഫലമെടുക്കുക. ജുമുഅയുടെ മര്യാദ പാലിക്കുക. വരാതിരിക്കൽ നിർബന്ധമാണ്. ജുമുഅയുടെ മര്യാദ പാലിക്കുന്നവരായിത്തീരൽ നിർബന്ധമാണ് ജുമുഅ ഖുത്ബ ജുമുഅയുടെ ഭാഗമാണ്. അതുകൊണ്ട് ഇതിലും നിശബ്ദരായിരിക്കേണ്ടത് നിർബന്ധമാണ്. കുട്ടികൾ സംസാരിക്കുന്നകാരണ ത്താൽ മാതാപിതാക്കൾ അവരെ നിശബ്ദരാക്കാറുണ്ട്. അതു പതുക്കെയാണെങ്കിലും അടുത്തിരിക്കുന്നവർക്ക് അത് ബുദ്ധിമുട്ടുണ്ടാക്കും. പ്രത്യേകിച്ച് സ്ത്രീകളിൽ നിന്ന് പരാതി ലഭിക്കുന്നുണ്ട്. അതുകൊണ്ട് മുൻകരുതലെന്ന നിലയിൽ ചെറിയകുട്ടികളും അവരുടെ ഉമ്മമാരും വീട്ടിൽ തന്നെയിരിക്കുക. എന്നാൽ പെരുന്നാളിന് വരാൻ കല്പനയുണ്ട്. പെരുന്നാളിന് തീർച്ചയായും വരിക. കാരണം മറ്റെന്നാൾ പെരുന്നാളാണ്. അതും മാപ്പായി എന്നുമനസ്സിലാക്കരുത്. കുട്ടികൾക്ക് പ്രത്യേകമായി ഏർപ്പെടുത്തിയിരിക്കുന്ന സ്ഥലത്താണ് ഇരിക്കേണ്ടത്. സാധാരണ നമസ്കരിക്കുന്ന ഹാളിൽ ഇരിക്കരുത്. ഇവിടെ ബൈത്തുൽ ഫുത്തൂഹിൽ അല്ലാഹുവിന്റെ അനുഗ്രഹത്താൽ കുട്ടികൾക്കുവേണ്ടി പ്രത്യേകം സ്ഥലമുണ്ട്. ചിലപ്പോൾ തിരക്കുകൊണ്ട് അത് പുരുഷന്മാർക്ക് കൊടുത്തിട്ടുണ്ടോ എന്നറിയില്ല. എന്തായാലും കുട്ടികളുടെ ഉമ്മമാർ ഒരു ഭാഗത്ത് മാറിയിരിക്കുക. മറ്റുള്ളവർക്ക് ബുദ്ധിമുട്ടുണ്ടാകാൻ പാടില്ല.

നബി(സ) തിരുമേനി, അനുവദനീയമായ കാരണം ഉണ്ടായിട്ടുപോലും ഖുത്ബ നടക്കുമ്പോൾ സംസാരിക്കുന്നത് ഇഷ്ടപ്പെട്ടിരുന്നില്ല. ഒരു നിവേദനത്തിൽ വന്നിരിക്കുന്നു. അവിടന്ന് പറയുന്നു. ജുമുഅ ദിവസം ഇമാം ഖുത്ബ ഓതുമ്പോൾ, നിങ്ങളുടെ അടുത്തിരിക്കുന്ന ആളോട് മിണ്ടാതിരിക്കുക എന്നു പറഞ്ഞാൽ നിങ്ങളുടെ ഈ പ്രവർത്തിയും വ്യർത്ഥമായ പ്രവർത്തിയാണ്.

നോക്കുക പറഞ്ഞുകൊണ്ട് അടക്കിയിരുത്തുന്നതും വ്യർ ത്ഥമാണെന്ന് പറഞ്ഞിരിക്കുന്നു. ചെറിയവരേയും വലിയവരേയും നിശബ്ദരാക്കണമെങ്കിൽ കൈകൊണ്ട് ആംഗ്യം കാണിച്ച് നിശബ്ദരാക്കേണ്ടതാണ്.

ജുമുഅയെക്കുറിച്ചുള്ള ചിലകാര്യങ്ങളാണ് ഞാൻ നിങ്ങളോടു പറഞ്ഞത് അല്ലാഹു നമുക്കെല്ലാം ജുമുഅയുടെ പ്രാധാന്യം മനസ്സിലാക്കാനുള്ള തൗഫീഖ് നൽകുമാറാകട്ടെ. ഇതു സംബന്ധമായി നമ്മുടെ ഉത്തരവാദിത്വം മനസ്സിലാക്കാനും തൗഫീഖ് നൽകുമാറാകട്ടെ. ഈ റമസാൻ, നാളെ ഇതിന്റെ അവസാനത്തെ നോമ്പാണിവിടെ മറ്റുസ്ഥലങ്ങളിലും നാളെയല്ലെങ്കിൽ മറ്റെന്നാൾ അവസാനിക്കുന്നതാണ്. ഈ റമസാനിൽ നാം കരസ്ഥമാക്കിയ അനുഗ്രഹങ്ങൾ, നമ്മുടെ ഉള്ളിൽ മാറ്റം വരുത്തുന്നതിനുവേണ്ടിയുള്ള നമ്മുടെ പരിശ്രമങ്ങൾ, അല്ലാഹു അവയെ അനശ്വരമാക്കിത്തീർക്കുമാറാകട്ടെ. നമ്മുടെ ജീവിതത്തിന്റെ ഭാഗമാക്കുമാറാകട്ടെ. ഹദീസിൽ വിവരിച്ചിരിക്കുന്നതുപോലെ വർഷം മുഴുവൻ പാപങ്ങളിൽ നിന്നും രക്ഷപ്പെടാനും ആരാധനകളുടെ ഉന്നത സ്ഥാനം നിലനാട്ടുന്നതിനും തൗഫീഖ് നൽകികൊണ്ടിരിക്കുമാറാകട്ടെ. വരുന്ന അടുത്ത റമസാനും അതിനുപുറമേ എത്ര റമസാൻ നമ്മുടെ ജീവിതത്തിൽ വരുന്നുവോ അതെല്ലാം നമുക്ക് പ്രായശ്ചിത്തമായി തീരുമാറാകട്ടെ. ജുമുഅത്തുൽ വിദാ മനസ്സിലാക്കി ഇന്നിവിടെ വന്നിട്ടുള്ളവർ, വല്ലപ്പോഴുമൊക്കെ ജുമുഅയിൽ വരുന്നവർ ഇത് ജുമുഅത്തുൽ വിദ അല്ലെന്നും, ഓട്ടം തുടങ്ങുന്നതിനുമുമ്പേ വര വരക്കുന്നതുപോലെ- ഓടുന്നവർ അതിനുള്ളിലാണ് നിൽക്കുന്നത്-ഈ ജുമുഅയും ആ വരപോലെയാണ്. ഈ വരയിലൂടെ നമ്മുടെ ഓട്ടം ആരംഭിക്കുമെന്ന് അവർ പ്രതിജ്ഞ ചെയ്തുകൊണ്ട് ഇവിടെ നിന്ന് എഴുന്നേൽക്കുക. നമസ്കാരം ഖളായാക്കുകയോ ജുമുഅ ഉപേക്ഷിക്കുകയോ ഇല്ലെന്നും പ്രതിജ്ഞ ചെയ്യുക. അല്ലാഹുവിന്റെ കല്പനകളനുസരിച്ച് പ്രവർത്തിച്ചുകൊണ്ട് മുന്നോട്ട് പോകണം. അല്ലാഹുവിനോടുള്ള കടമ നിറവേറ്റണം. സൃഷ്ടികളോടുള്ള കടമയും നിറവേറ്റണം. നിങ്ങൾക്കുവേണ്ടിയും നിങ്ങളുടെ സഹോദരന്മാർക്കുവേണ്ടിയും ദുആ ചെയ്യണം. ഒന്ന ദിവസം ബാക്കിയായ ഈ റമസാനിൽ പ്രത്യേകം ഇതിലേക്ക് ശ്രദ്ധിക്കുക. ദുആ ചെയ്തുകൊണ്ടിരിക്കുക. ദുആ സ്വീകാര്യതയുടെ നിമിഷം എപ്പോഴുമാകാം. അല്പം മണിക്കൂറുകളെ ഉള്ളുവെങ്കിലും അതിലും മാറ്റമുണ്ടാക്കാൻ ശ്രമിക്കണം. അല്ലാഹു നമുക്ക് തൗഫീഖ് നൽകുമാറാകട്ടെ. ബംഗ്ലാദേശിലും പാക്കിസ്ഥാനിലും അവസ്ഥ വളരെ മോശമാണ്. സർവ്വതും ദുആയിൽ ഓർക്കുക. മുസ്ലിം ലോകത്തേയും ദുആയിൽ സ്മരിക്കുക. മുസ്ലിംകളുടെ മേൽ വലിയ അക്രമമാണ് നടക്കുന്നത്. അല്ലാഹു കരുണ ചൊരിയട്ടെ. മുസ്ലിംകൾക്ക് ഇക്കാലത്തെ ഇമാമിനെ തിരിച്ചറിയാനുള്ള ബുദ്ധി നൽകുമാറാകട്ടെ.

ആമീൻ

**വിവർത്തനം** : മുഹമ്മദ് ഇസ്മായീൽ H.A ആലപ്പുഴ
PHONE : 98465 02288

JUMUA KHUTHBA
**HADHRAT MIRZA MASROOR AHMAD**
KHALIFATHUL MASIH - V
on 12 - 11 - 2004 at
Baithul Futuh
London.

Page Layout & Type Set : Majlis Khuddamul Ahmadiyya, Kakkanad
Published by : **Majlis Khuddamul Ahmadiyya, Kerala**

**MTA** യിൽ നിന്ന് തർജ്ജമ ചെയ്തത്